# ഡയറ്റ് കണ്ണൂർ
## മുകുളം എസ് എസ് എൽ സി മാതൃകാപരീക്ഷ 2022
## സാമൂഹ്യശാസ്ത്രം

സമയം : 2 1/2 മണിക്കൂർ ആകെ സ്കോർ : 80

---

**പൊതുനിർദേശങ്ങൾ :**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ , സമയം എന്നിവ പരിഗണിക്കണം .
- പരീക്ഷയുടെ ആകെ സ്കോർ 80 ആണ്

---

## പാർട്ട് I

**A. 1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. (1 സ്കോർ വീതം )**

1. ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് സ്ഥാപിച്ചത് ആരാണ്.? **(4 x 1 = 4)**

   a) രവീന്ദ്രനാഥ ടാഗോർ b) അബനീന്ദ്രനാഥ ടാഗോർ

   c) നന്ദലാൽ ബോസ് d) രാജാ രവി വർമ്മ

2. ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്ത തത്ത്വങ്ങൾ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകന്റെ പേര്?

   a) എമൈൽ ദുർഖിം b) മാക്സ് വെബർ

   c) ഹെർബർട്ട് സ്പെൻസർ d) കാൾ മാക്സ്

3. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭം ഏത്

   a) നിസ്സഹകരണ സമരം b) ചമ്പാരനിലെ സമരം

   c) ക്വിറ്റ് ഇന്ത്യാ സമരം d) നിയമലംഘന സമരം

4. ഹിമാലയൻ നദികളെക്കുറിച്ചുള്ള തെറ്റായ പ്രസ്താവന തിരിച്ചറിയുക:

   a) അതിവിസ്തൃതമായ വൃഷ്ടിപ്രദേശം b) ഉയർന്ന ജലസേചന ശേഷി

   c) അപരദന തീവ്രത താരതമ്യേന കുറവ് d) ഗിരികന്ദരങ്ങൾ സൃഷ്ടിക്കുന്നു

5. അളവിലും തൂക്കത്തിലും കൃത്രിമം നടന്നാൽ ഏത് വകുപ്പിനാണ് നടപടിയെടുക്കാൻ കഴിയുക.?

   a) ലീഗൽ മെട്രോളജി വകുപ്പ് b) ഡ്രഗ്സ് കൺട്രോൾ വകുപ്പ്

   c) കേന്ദ്ര ഔഷധ വില നിയന്ത്രണ കമ്മിറ്റി d) ഭക്ഷ്യ സുരക്ഷാ വകുപ്പ്

6. താഴെപ്പറയുന്ന നികുതികളിൽ നിന്ന് പ്രത്യക്ഷ നികുതി കണ്ടെത്തുക.?

   a) ജി.എസ്.ടി b) കോർപറേറ്റ് നികുതി

   c) എക്സൈസ് ഡ്യൂട്ടി d) സ്റ്റാമ്പ് ഡ്യൂട്ടി

**B.** **7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.(1 സ്കോർ വീതം)**

7. സംസ്ഥാന പുനസ്സംഘടനാ കമ്മീഷന്റെ അധ്യക്ഷൻ ആരായിരുന്നു? **(4 x 1 = 4 )**

a) കെ എം പണിക്കർ b) വി പി മേനോൻ

c) ഫസൽ അലി d) സർദാർ വല്ലഭായ് പട്ടേൽ

8. 'സഹകരണം, സ്വയം സഹായം, പരസ്പര സഹായം' എന്ന പ്രവർത്തന തത്വമുള്ള ബാങ്കുകൾ

a) വികസന ബാങ്കുകൾ b) പെയ്മെന്റ് ബാങ്കുകൾ

c) മഹിളാ ബാങ്കുകൾ d) സഹകരണ ബാങ്കുകൾ

9. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം

a) ആറ്റിങ്ങൽ കലാപം b) കുറിച്യകലാപം

c) പഴശ്ശി കലാപം d) മാപ്പിള കലാപം

10. "ചോർച്ച സിദ്ധാന്തം" മുന്നോട്ട് വെച്ചത് ആരാണ് ?

a) ബാല ഗംഗാധര തിലക് b) രമേഷ് ചന്ദ്ര ദത്ത്

c) മഹാത്മാ ഗാന്ധിജി d) ദാദാഭായ് നവ്റോജി

## പാർട്ട് II


**A.** **11 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. (2 സ്കോർ വീതം)**

11. വിദൂരസംവേദനം എന്നാലെന്ത് .? വിദൂരസംവേദനത്തിലൂടെ വിവരങ്ങൾ ശേഖരിക്കാനുള്ള ഉപകരണങ്ങൾ ഏത് പേരിലാണ് അറിയപ്പെടുന്നത്? **(3 x 2 = 6)**

12. പൗരത്വം എന്നാലെന്ത്.?രണ്ട് തരത്തിലുള്ള പൗരത്വങ്ങൾ ഏതെല്ലാം .?

13. സമൂഹത്തിൽ പൗരബോധം വളർത്താൻ ശ്രമിക്കുന്നവർക്ക് ധാരാളം വെല്ലുവിളികളെ നേരിടേണ്ടിവരാറുണ്ട്. ഇവ മറികടക്കാനുള്ള രണ്ട് നിർദേശങ്ങൾ എഴുതുക .

14. നൽകിയിട്ടുള്ള ഗ്രിഡിൽ പാർപ്പിടങ്ങൾ, ശവപ്പറമ്പ് എന്നിവയുടെ സ്ഥാനം നാലക്ക ഗ്രിഡ് റഫറൻസിലൂടെ കണ്ടെത്തുക.?




15. നെല്ലും ഗോതമ്പും ഇന്ത്യയിലെ രണ്ട് പ്രധാന ഭക്ഷ്യവിളകളാണ് .ഇവയുടെ കൃഷിക്ക് അനുയോജ്യമായ ഭൂമിശാസ്ത്രഘടകങ്ങൾ എഴുതുക.

| ഘടകങ്ങൾ | നെല്ല് | ഗോതമ്പ് |
|---|---|---|
| താപനില | ------------(a)--------------- | 10ºC മുതൽ 20ºC |
| മഴ | 150 സെ.മീ. | ------------(b)------------ |

**B. 16 മുതൽ 18 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. ( 2 സ്കോർ വീതം)**

**(2x 2 = 4 )**

16. പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സാംസ്കാരികരംഗത്തും ആശയതലങ്ങളിലും രണ്ട് തരത്തിലുള്ള പ്രതിഷേധങ്ങൾ ഉയർന്നുവന്നു. അവ ഏതൊക്കെയായിരുന്നു. ?
17. ഉപഭോക്തൃ തർക്കത്തിൽ പരാതി നൽകാവുന്ന ഏതെങ്കിലും രണ്ട് സന്ദർഭങ്ങൾ എഴുതുക.?
18. താഴെ നൽകിയിരിക്കുന്ന സൂചനകളിൽ നിന്ന് സാമൂഹ്യശാസ്ത്ര ശാഖയുടെ പേര് തിരിച്ചറിയുക.

    സാമ്പത്തികവ്യവഹാരങ്ങളെക്കുറിച്ചുള്ള പഠനം : ________(a)__________

    കഴിഞ്ഞകാലത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അന്വഷണം : ________(b)__________

## പാർട്ട് III

**A. 19 മുതൽ 23 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക.(4 സ്കോർ വീതം)**

**( 3x4 = 12)**

19. വിദ്യാഭ്യാസം ഒരു രാജ്യത്തിന്റെ വികസനത്തെ എങ്ങനെ സഹായിക്കുന്നു.?
20. "**എ**" കോളത്തിന് അനുയോജ്യമായവ "**ബി**" കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക

| എ | ബി |
|---|---|
| വൈക്കം സത്യാഗ്രഹം | വൈകുണ്ഠസ്വാമികൾ |
| ഗുരുവായൂർ സത്യാഗ്രഹം | അയ്യങ്കാളി |
| സമത്വസമാജം | ടി.കെ മാധവൻ |
| സാധു ജന പരിപാലന സംഘം | കെ കേളപ്പൻ |

21. ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം .?
22. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്രധാന ധർമ്മങ്ങൾ വിശദീകരിക്കുക.
23. ചുവടെ തന്നിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക.

    (A) കാവേരി നദി    (B) ആരവല്ലി പർവതനിരകൾ

    (C) കണ്ട്ല തുറമുഖം    (D) ഛോട്ടാനാഗ്പൂർ പീഠഭൂമി

**B. 24 മുതൽ 25 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരം എഴുതുക.(4 സ്കോർ വീതം)**

**(1 x 4 = 4)**

24. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചക്ക് കാരണമായ ഘടകങ്ങൾ എതെല്ലാമായിരുന്നു.?
25. ബജറ്റ് എന്നാലെന്ത് .?മൂന്ന് തരം ബജറ്റുകൾ ഏതെല്ലാം .?

## പാർട്ട് IV

**A. 26 മുതൽ 29 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. (6 സ്കോർ വീതം)**

26. പടിഞ്ഞാറൻ തീരസമതലത്തിന്റെയും കിഴക്കൻ തീരസമതലത്തിന്റെയും സവിശേഷതകൾ താരതമ്യം ചെയ്യുക. **(3x6=18)**
27. ഇന്ത്യൻ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങൾ എന്തെല്ലാം.?
28. എന്താണ് ആഗോളമർദമേഖലകൾ ? മധ്യരേഖാ ന്യൂനമർദമേഖലയും ധ്രുവീയ ഉച്ചമർദമേഖലയും രൂപപ്പെടുന്നതെങ്ങനെയെന്ന് വിശദമാക്കുക.?
29. ഗാന്ധിജി പങ്കെടുത്ത ഇന്ത്യയിലെ ആദ്യകാല സമരങ്ങൾ ഏതൊക്കെയായിരുന്നു .ഈ സമരങ്ങളിലൂടെ ദേശീയ പ്രസ്ഥാനത്തിൽ എന്ത് മാറ്റമാണ് ഉണ്ടായത്.?

**B.30 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക.(6 സ്കോർ വീതം)**

30. എന്താണ് ഇ-ഗവേണൻസ്.? ഒരു ഉദാഹരണം നൽകുക. ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ എന്തൊക്കെയാണ്.? **(2x 6 =12)**
31. എന്തുകൊണ്ടാണ് മുംബൈയെ കോസ്മോപോളിസ് എന്ന് വിളിക്കുന്നത്.? മുംബൈയെ അങ്ങനെ വിളിക്കാൻ കാരണമായ അനുകൂല ഘടകങ്ങൾ ഏതൊക്കെയാണ്?
32. ഭൂവിവരവ്യവസ്ഥയുടെ പ്രയോജനങ്ങൾ എന്തെല്ലാം.?

## പാർട്ട് V

**A. 33 മുതൽ 35 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. (8 സ്കോർ വീതം)**

33. "സൂര്യന്റെ അയനവും തത്ഫലമായുണ്ടാകുന്ന ഋതുക്കളും ഒരു ചാക്രിക പ്രതിഭാസമാണ്". **( 2x8 =16)** പ്രസ്താവനയെ സാധൂകരിക്കുക.

    സൂചകങ്ങൾ:

    - വിഷുവങ്ങൾ
    - ഗ്രീഷ്മ അയനാന്തം
    - ശൈത്യ അയനാന്തം
    - സൂര്യന്റെ അയനവും ഋതുക്കളും

34. തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ച് വിപ്ലവത്തിന്റെ പശ്ചാത്തലം വിവരിക്കുക.
    - സ്വേച്ഛാധിപത്യ ഭരണം
    - ഫ്രഞ്ച് സമൂഹം
    - ചിന്തകരും അവരുടെ ആശയങ്ങളും
    - ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം

35. താഴെപ്പറയുന്ന സൂചകങ്ങളെ അടിസ്ഥാനമാക്കി, സാമ്രാജ്യത്വ മത്സരം ലോകരാജ്യങ്ങളെ ഒന്നാം ലോകമഹായുദ്ധത്തിലേക്ക് നയിച്ചതെങ്ങനെയെന്ന് വിവരിക്കുക.
    - സൈനിക സഖ്യങ്ങളുടെ രൂപീകരണം
    - തീവ്ര ദേശീയത
    - സാമ്രാജ്യത്വ പ്രതിസന്ധികൾ
    - പെട്ടെന്നുണ്ടായ കാരണങ്ങൾ

For Question No .23

